**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2407** **13-09-2023 - ൽ മറുപടിയ്ക്ക്**

**ലൈംഗികന്യൂനപക്ഷ വിഭാഗക്കാരുടെ ആരോഗ്യസേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ ജി സ്റ്റീഫൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ലൈംഗികന്യൂനപക്ഷ (ട്രാൻസ്ജെന്റർ, ലെസ്ബിയൻ, ഗേ) വിഭാഗക്കാർക്ക് ആരോഗ്യസേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോ; രാജ്യത്ത് ആദ്യമായിട്ടാണോ ഇത്തരത്തിൽ ഒരു പദ്ധതി ആവിഷ്കരിക്കുന്നത്; എന്തൊക്കെ സേവനങ്ങളാണ് ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നത്; എന്തൊക്കെ കാര്യങ്ങളാണ് പദ്ധതി ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ട്രാൻസ്ജെൻഡർ വിഭാഗത്തിൽ പ്പെടുന്നവർക്കു വേണ്ടിയുള്ള വിവിധ ക്ഷേമ പദ്ധതികളും സേവനങ്ങളും സംസ്ഥാന സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം സംഥാനത്തു നടപ്പിലാക്കി വരുന്നുണ്ട്. ട്രാൻസ്ജെൻഡർ വിഭാഗത്തില്പ്പെടുന്നവർക്കായി സംസ്ഥാന സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ച വിവിധ പദ്ധതികളുടെയും സേവനങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു .<br><br>കൂടാതെ, ട്രാൻസ്ജെണ്ടർ വ്യക്തികളുടെയും ക്വയർ വ്യക്തികളുടെയും അവകാശങ്ങൾ സംരക്ഷിച്ചു കൊണ്ട് ആരോഗ്യ സ്ഥാപനങ്ങളിൽ സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി "ക്വിയർ ഫ്രണ്ട് ലി ഇനിഷ്യയേറ്റീവ്" എന്ന പദ്ധതി രാജ്യത്തു ആദ്യമായി സംസ്ഥാനത്തു നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടമായി സംസ്ഥാനത്തെ 4 ജില്ലകളിൽ (തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്) ആണ് ഇത് നടപ്പിലാക്കുന്നത്. ട്രാൻസ്ജെൻഡർ വ്യക്തികൾക്കു യതൊരു വിധത്തിലുള്ള വിവേചനവും ഇല്ലാതെ എല്ലാ സേവനങ്ങളും ലഭ്യമാവുന്ന ഒരു ആരോഗ്യ സംവിധാനമാണ് പ്രസ്തുത പദ്ധതി.<br><br>മേൽ പറഞ്ഞ ജില്ലകളിൽ ജനറൽ ആശുപത്രികളിൽ ക്വയർ ഫ്രണ്ട്ലി ആക്കി മാറ്റാനായി ജീവനക്കാർക്കു പരിശീലനം സംഘടിപ്പിച്ചു. ഘട്ടം ഘട്ടമായി കേരളത്തിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളും ക്വയർ |

| | | | |
|---|---|---|---|
| | | | ഫ്രണ്ട്‌ലി ആക്കി മാറ്റുവാനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത് . ഇതിനു പുറമെ ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ ചികിത്സയുമായി ബന്ധപ്പെട്ട് കോട്ടയം മെഡിക്കൽ കോളേജിൽ സംസ്ഥാനത്തെ ആദ്യത്തെ ട്രാൻസ്ജെൻഡർ ക്ലിനിക് ആരംഭിച്ചിട്ടുണ്ട് . |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ട്രാൻസ്ജെന്റർ കമ്മ്യൂണിറ്റി ലിങ്ക് വർക്കർ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇത് വഴി ലക്ഷ്യമാക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന ജനറൽ ആശുപത്രികളെ ക്വയർ ഫ്രണ്ട്‌ലി ആക്കി മാറ്റുന്നതിന്റെ ഭാഗമായി ആദ്യഘട്ടമായി തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ട്രാൻസ്ജെന്റർ കമ്മ്യൂണിറ്റി ലിങ്ക് വർക്കർ (CLW) പദ്ധതി ആരംഭിച്ചിട്ടുണ്ട്. സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് വരാൻ നിരവധി തടസങ്ങൾ നേരിടുന്ന ട്രാൻസ്ജെന്റർ വിഭാഗങ്ങൾക്ക് ആവശ്യമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കാൻ ട്രാൻസ്ജെന്റർ കമ്മ്യൂണിറ്റിയ്ക്കും ആരോഗ്യ സംവിധാനത്തിനും ഇടയിലുള്ള കണ്ണിയായി പ്രവർത്തിക്കുക യെന്നതാണ് കമ്മ്യൂണിറ്റി ലിങ്ക് വർക്കർമാരുടെ പ്രധാന ചുമതല. ഇത്തരത്തിൽ കമ്മ്യൂണിറ്റി ലിങ്ക് വർക്കർമാർ ആശുപത്രികളി ലെത്തിക്കുന്ന ട്രാൻസ്ജെന്റർ വിഭാഗങ്ങൾക്ക് സേവനങ്ങൾ ഉറപ്പാക്കുന്നതിനുള്ള നടപടികളും ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

## ട്രാൻസ്ജെൻഡർ വിഭാഗത്തിൽപെട്ടുന്ന വ്യക്തികൾക്കു ആരോഗ്യസേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനം ആവിഷ്കരിച്ച വിവിധ പദ്ധതികളുടെയും സേവനങ്ങളുടെയും വിശദാംശങ്ങൾ

1. **കരുതൽ**

ട്രാൻസ്ജെന്റർ വ്യക്തികൾക്കുണ്ടാകുന്ന പ്രതിസന്ധികൾ അപകടങ്ങൾ, പെട്ടെന്നുണ്ടാകുന്ന അസുഖങ്ങൾ, പ്രകൃതി ദുരന്തങ്ങൾ, ലിംഗമാറ്റ ശസ്ത്രക്രിയയെത്തുടർന്നുണ്ടാകുന്ന പിഴവുകള് പരിഹരിക്കുന്നതിനുള്ള അടിയന്തിര ശസ്ത്രക്രിയകൾ തുടങ്ങിയ ഘട്ടങ്ങളിൽ ഉടൻ പരിഹാരം കണ്ടെത്തുന്നതിനാണ് കരുതൽ പദ്ധതി 2021-22 മുതൽ പദ്ധതി നടപ്പിലാക്കി വരുന്നു.

2. **ലിംഗമാറ്റ ശസ്ത്രക്രിയ ധനസഹായം**

ലിംഗഭേദവുമായി ബന്ധപ്പെട്ട് ട്രാൻസ്ജെന്റർ സമൂഹം നേരിടേണ്ടി വരുന്ന വൈകാരിക പ്രതിസന്ധികൾക്ക് ഒരളവ് വരെ പരിഹാരമാണ് ലിംഗമാറ്റ ശസ്ത്രക്രിയകൾ. ഇവരുടെ നൈസർഗികമായ രൂപഘടനയ്ക്കാവശ്യമായ മാറ്റത്തിനുതകുന്ന ഇത്തരം ശസ്ത്രക്രിയകൾക്ക് ധനസഹായം ലഭ്യമാക്കുക എന്നത് ഈ സമൂഹത്തിന്റെ ദീർഘകാല ആവശ്യങ്ങളിൽ ഒന്നായിരുന്നു. ട്രാൻസ് വുമൻ വ്യക്തികൾക്ക് 2,50,000/- രൂപ വരെയും, ട്രാൻസ്മാൻ വ്യക്തികൾക്ക് 5,00,000/- രൂപ വരെയും ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് ധനസഹായം വകുപ്പ് മുഖേന അനുവദിച്ചു വരുന്നുണ്ട്.

3. **ലിംഗമാറ്റ ശസ്ത്രക്രിയ തുടർചികിത്സാ ധനസഹായം**

ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന വ്യക്തികൾക്ക് തുടർചികിത്സയും ഒരു നിശ്ചിത കാലയളവിലെ വിശ്രമവും ആവശ്യമായിവരും. സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന ഇത്തരക്കാർക്ക് വിശ്രമകാലയളവിൽ അതിജീവനം ദുഷ്കരമാണെന്ന് കാണുന്നു. സങ്കീർണ്ണമായ ശസ്ത്രക്രിയയ്ക്ക് അനുബന്ധമായി ലഭിക്കേണ്ട കൗൺസിലിംഗ് സേവനങ്ങൾ, തുടർചികിത്സ, വിശ്രമകാലയളവിലെ ഭക്ഷണവും മറ്റു ദൈനംദിന ചിലവുകളും എന്നിവയ്ക്ക് ഒരു നിശ്ചിത കാലയളവിലേയ്ക്ക് സാമ്പത്തിക സഹായം അനുവദിക്കേണ്ടത് അനിവാര്യമാണ്. ഈ സാഹചര്യത്തിൽ ലിംഗമാറ്റ ശസ്ത്രക്രിയ്ക്ക് വിധേയരാകുന്ന ട്രാൻസ്ജെന്റർ വ്യക്തികൾക്ക് ശസ്ത്രക്രിയ തുടർന്നുവരുന്ന ഒരു വർഷക്കാലയളവിലേയ്ക്ക് പ്രതിമാസം 3000/- രൂപ ക്രമത്തിൽ ധനസഹായം അനുവദിച്ചു വരുന്നുണ്ട്.